LIBRARY ARCHIVES Kerala Legislative Assembly

കോവിഡ് സാഹചര്യത്തിൽ പഠനം ഓൺലൈനായി മാറിയത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ അക്കാദമിക നിലവാരത്തെ ദോഷകരമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഇന്റഗ്രേറ്റഡ് പി.ജി. കോഴ്സുകൾ

117(1102) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കലാലയങ്ങളിൽ നിലവിലുള്ള ഇന്റഗ്രേറ്റഡ് പി.ജി. കോഴ്സുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ കലാലയങ്ങളിൽ നിലവിൽ 45 ഇന്റഗ്രേറ്റഡ് പി.ജി. കോഴ്സുകളുണ്ട്.

(ബി) ഈ അദ്ധ്യയന വർഷം എത്ര ഇന്റഗ്രേറ്റഡ് പി.ജി. കോഴ്സുകളാണ് പുതുതായി ആരംഭിക്കുന്നതെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

ഈ അദ്ധ്യയന വർഷം പുതിയ ഇന്റഗ്രേറ്റഡ് പി.ജി. കോഴ്സുകൾ ആരംഭിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്ര പുരോഗതി

118(1103) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെറിറ്റും സാമൂഹ്യനീതിയും ഗുണനിലവാരവും ഒരുപോലെ ഉറപ്പുവരുത്തുന്ന തരത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമഗ്ര പുരോഗതിക്കായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

&

(സി) കേരളത്തിന്റെ സർവ്വോന്മുഖമായ വികസനത്തിന് അനുയോജ്യമായ തരത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയെ പുനഃക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്ര പുരോഗതിക്കായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.